# 8. ഖുർആൻ അവതരണപ്രക്രിയ

വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടത് അനുഗൃഹീത രാത്രിയിലാണ് (ഖു. 44:1–6).

حم وَالْكِتَابِ الْمُبِينِ إِنَّا أَنْزَلْنَاهُ فِي لَيْلَةٍ مُبَارَكَةٍ ۚ إِنَّا كُنَّا مُنْذِرِينَ فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ أَمْرًا مِنْ عِنْدِنَا ۚ إِنَّا كُنَّا مُرْسِلِينَ رَحْمَةً مِنْ رَبِّكَ ۚ إِنَّهُ هُوَ السَّمِيعُ الْعَلِيمُ

44:1–6 ഹാമീം. സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണ സത്യം. തീർച്ചയായും നാം അതിനെ (ഖുർആനെ) ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു. ആ രാത്രിയിൽ യുക്തിപൂർണ്ണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു. അതെ, നമ്മുടെ പക്കൽ നിന്നുള്ള കൽപന. തീർച്ചയായും നാം (ദൂതൻമാരെ) നിയോഗിച്ചു കൊണ്ടിരിക്കുന്നവനാകുന്നു. നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു കാരുണ്യമത്രെ അത്. തീർച്ചയായും അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നനും അറിയുന്നവനും.

ഇതിൽ പരാമർശിച്ച അനുഗൃഹീത രാത്രി ലൈലത്തിൽ ഖദ്റാണ് (ഖു. 97:1–5).

إِنَّا أَنْزَلْنَاهُ فِي لَيْلَةِ الْقَدْرِ وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِمْ مِنْ كُلِّ أَمْرٍ سَلَامٌ هِيَ حَتَّىٰ مَطْلَعِ الْفَجْرِ

97:1–5 തീർച്ചയായും നാം ഇതിനെ (ഖുർആനെ) നിർണയത്തിന്റെ രാത്രിയിൽ (ലൈലത്തിൽ ഖദ്റിൽ) അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു. പ്രഭാതോദയം വരെ അത് സമാധാനമത്രെ.

ലൈലത്തിൽ ഖദ്ർ റമളാൻ മാസത്തിലെ ഒരു രാത്രിയാണ്.

شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ هُدًى لِلنَّاسِ وَبَيِّنَاتٍ مِنَ الْهُدَىٰ وَالْفُرْقَانِ ۚ فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ۖ وَمَنْ كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ ۗ يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلَا يُرِيدُ بِكُمُ الْعُسْرَ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللَّهَ عَلَىٰ مَا هَدَاكُمْ وَلَعَلَّكُمْ تَشْكُرُونَ

2:185 ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും ഖുർആൻ ഇറക്കപ്പെട്ട മാസമാകുന്നു റമളാൻ. അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി (ഖുർആൻ) കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്).

റൂഹുൽ ഖുദുസിയെന്നും റൂഹുൽ അമീനെന്നും ഖുർആനിൽ വിശേഷിക്കപ്പെട്ട ജിബ്രീൽ എന്ന റൂഹ് മുഖേനയായിരുന്നു അല്ലാഹു വെളിപാടുകൾ മുഹമ്മദ് നബിയുടെ മനസ്സിലേക്ക് എത്തിച്ചിരുന്നത്. ഖുർആനിനെ അൽപാൽപമായാണ് ജിബ്രീൽ അവതരിപ്പിച്ചത്.

قُلْ مَنْ كَانَ عَدُوًّا لِجِبْرِيلَ فَإِنَّهُ نَزَّلَهُ عَلَىٰ قَلْبِكَ بِإِذْنِ اللَّهِ مُصَدِّقًا لِمَا بَيْنَ يَدَيْهِ وَهُدًى وَبُشْرَىٰ لِلْمُؤْمِنِينَ

2:97 (നബിയേ,) പറയുക: (ഖുർആൻ എത്തിച്ചുതരുന്ന) ജിബ്രീലിനോട് ആർക്കെങ്കിലും ശത്രുതയെങ്കിൽ അത് നിന്റെ മനസ്സിൽ അവതരിപ്പിച്ചത് അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് മാത്രമാണ്. മുൻവേദങ്ങളെ ശരിവെച്ചുകൊണ്ടുള്ളതും, വിശ്വാസികൾക്ക് വഴികാട്ടുന്നതും, സന്തോഷവാർത്ത നൽകുന്നതുമായിട്ടാണ് (ഖുർആൻ അവതരിച്ചിട്ടുള്ളത്).

قُلْ نَزَّلَهُ رُوحُ الْقُدُسِ مِنْ رَبِّكَ بِالْحَقِّ لِيُثَبِّتَ الَّذِينَ آمَنُوا وَهُدًى وَبُشْرَىٰ لِلْمُسْلِمِينَ

16:102 പറയുക: വിശ്വസിച്ചവരെ ഉറപ്പിച്ച് നിർത്താൻ വേണ്ടിയും, കീഴ്പെട്ടുജീവിക്കുന്നവർക്ക് മാർഗദർശനവും സന്തോഷവാർത്തയും ആയിക്കൊണ്ടും സത്യപ്രകാരം പരിശുദ്ധാത്മാവ് (റൂഹുൽ ഖുദുസി) നിന്റെ രക്ഷിതാവിങ്കൽ നിന്ന് അത് (ഖുർആൻ) ഇറക്കിയിരിക്കുകയാണ്.

نَزَلَ بِهِ الرُّوحُ الْأَمِينُ عَلَىٰ قَلْبِكَ لِتَكُونَ مِنَ الْمُنْذِرِينَ

26:193–194 വിശ്വസ്താത്മാവ് (റൂഹുൽ അമീൻ) അതും (ഖുർആൻ) കൊണ്ട് നിന്റെ മനസ്സിലേക്ക് ഇറങ്ങിയിരിക്കുന്നു. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്.

إِنَّا نَحْنُ نَزَّلْنَا عَلَيْكَ الْقُرْآنَ تَنْزِيلًا

76:23 തീർച്ചയായും നാം നിനക്ക് ഈ ഖുർആനിനെ അൽപാൽപമായി അവതരിപ്പിച്ചു തന്നിരിക്കുന്നു.

وَبِالْحَقِّ أَنْزَلْنَاهُ وَبِالْحَقِّ نَزَلَ ۗ وَمَا أَرْسَلْنَاكَ إِلَّا مُبَشِّرًا وَنَذِيرًا وَقُرْآنًا فَرَقْنَاهُ لِتَقْرَأَهُ عَلَى النَّاسِ عَلَىٰ مُكْثٍ وَنَزَّلْنَاهُ تَنْزِيلًا

17:105–106 സത്യത്തോടുകൂടിയാണ് നാം അത് (ഖുർആൻ) അവതരിപ്പിച്ചത്. സത്യത്തോട് കൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു. സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതികൊടുക്കേണ്ടതിനായി ഖുർആനിനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു.

വിശുദ്ധ ഖുർആൻ അല്ലാഹു ഇറക്കിയത് റമളാൻ മാസത്തിലെ ലൈലത്തിൽ ഖദ്റിലാണെങ്കിലും അത് നബി തിരുമേനിയുടെ മനസ്സിലേക്കെത്തിയിരുന്നത് അൽപാൽപമായാണ്. നാൽപത് വയസ്സിൽ തുടങ്ങി അറുപത്തിമൂന്നാം വയസ്സിൽ മരണമടയുന്നതുവരെയുള്ള ഇരുപത്തിമൂന്ന് വർഷക്കാലം പല സന്ദർഭങ്ങളിലായാണ് ഖുർആൻ ആയത്തുകൾ നബി തിരുമേനിക്ക് ലഭിച്ചുകൊണ്ടിരുന്നത്. ഇതെങ്ങനെ സംഭവിച്ചു? ഖുർആൻ മുഴുവനായും അത് ഇറക്കപ്പെട്ട രാത്രിയിൽ തന്നെ ലഭ്യമാകേണ്ടതല്ലേ? ശാസ്ത്രീയ വിശകലനത്തിലൂടെ ഖുർആൻ അവതരണ പ്രക്രിയയെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

ഓരോ കാലഘട്ടത്തിനും അഥവാ ഓരോ പ്രവാചകന്റെ ജനതക്കും ഓരോ പ്രമാണഗ്രന്ഥമുണ്ടെന്ന് നേരത്തെ വിശദീകരിച്ചുവല്ലോ (ഖു. 2:213, 13:38). ഈ വേദഗ്രന്ഥങ്ങളെല്ലാം അല്ലാഹുവിങ്കൽ സൂക്ഷിച്ചുവെക്കപ്പെട്ടവയാണ്. മാതൃഗ്രന്ഥമെന്നും (ഉമ്മുൽ കിതാബ്, ഖു. 13:38–39), സംരക്ഷിത ഫലകമെന്നും (അൽ ലൗഹുൽ മഹ്ഫൂള്, 85:21–22), സൂക്ഷിക്കപ്പെട്ട രേഖയെന്നും (കിതാബിൻ മക്നൂൻ, ഖു. 56:77–79), ആദരണീയ ഏട് (സുഹ്ഫിൻ മുകർറമ, ഖു. 80:11–16) എന്നുമൊക്കെ ഖുർആൻ വിശേഷിപ്പിക്കുന്ന ഒരു സ്രോതസ്സിലാണ് വേദഗ്രന്ഥങ്ങളെല്ലാം സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. പരിശുദ്ധി നൽകപ്പെട്ടവരുടെ (മലക്കുകൾ) മേൽനോട്ടത്തിലാണതുള്ളത്.

وَلَقَدْ أَرْسَلْنَا رُسُلًا مِنْ قَبْلِكَ وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ أَنْ يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ يَمْحُو اللَّهُ مَا يَشَاءُ وَيُثْبِتُ ۖ وَعِنْدَهُ أُمُّ الْكِتَابِ

13:38–39 നിനക്ക് മുമ്പും നാം ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുണ്ട്. ഒരു ദൂതന്നും അല്ലാഹുവിന്റെ അനുമതിയോട് കൂടിയല്ലാതെ ഒരു ആയത്തും (വചനവും) കൊണ്ടുവരാനാവില്ല. ഓരോ കാലാവധിക്കും ഓരോ (പ്രമാണ) ഗ്രന്ഥമുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നത് മായ്ച്ചുകളയുകയും (താൻ ഉദ്ദേശിക്കുന്നത്) സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മാതൃഗ്രന്ഥം അവന്റെ പക്കലുള്ളതാണ്.

بَلْ هُوَ قُرْآنٌ مَجِيدٌ فِي لَوْحٍ مَحْفُوظٍ

85:21–22 അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്.

إِنَّهُ لَقُرْآنٌ كَرِيمٌ فِي كِتَابٍ مَكْنُونٍ لَا يَمَسُّهُ إِلَّا الْمُطَهَّرُونَ

56:77–79 തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ തന്നെയാകുന്നു. ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്. പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല.

كَلَّا إِنَّهَا تَذْكِرَةٌ فَمَنْ شَاءَ ذَكَرَهُ فِي صُحُفٍ مُكَرَّمَةٍ مَرْفُوعَةٍ مُطَهَّرَةٍ بِأَيْدِي سَفَرَةٍ كِرَامٍ بَرَرَةٍ

80:11–16 നിസ്സംശയം ഇത് (ഖുർആൻ) ഒരു ഉൽബോധനമാകുന്നു; തീർച്ച. അതിനാൽ ആർ ഉദ്ദേശിക്കുന്നുവോ അവനത് ഓർമിച്ച് കൊള്ളട്ടെ. ആദരണീയവും ഔന്നത്യം നൽകപ്പെട്ടതും പരിശുദ്ധമാക്കപ്പെട്ടതുമായ ഏടുകളിലാണത്. മാന്യൻമാരും പുണ്യവാൻമാരുമായ സന്ദേശവാഹകരുടെ കൈകളിലാണത്.

വേദഗ്രന്ഥങ്ങളെല്ലാം സൂക്ഷിക്കപ്പെട്ടിരിക്കുന്ന സ്രോതസ്സ് ദൈവികമെമ്മറിയിലെ ഒരു സെക്ടറായി കരുതാവുന്നതാണ്. ഈ സ്രോതസ്സിൽനിന്നാണ് ഓരോ കാലഘട്ടത്തിലെ പ്രവാചകന്നും അല്ലാഹുവിന്റെ മാർഗദർശനമായ വേദഗ്രന്ഥം നൽകുന്നത്. സാങ്കേതികഭാഷയിൽ പറയുകയാണെങ്കിൽ ആ സ്രോതസ്സ് വേദഗ്രന്ഥ സെർവർ (Scripture Server) ആയാണ് നിലകൊള്ളുന്നത്. ഖുർആൻ അദ്ധ്യായം രണ്ടിലെ ആദ്യവചനങ്ങൾ പരാമർശിക്കുന്നത് ഈ സെർവറെയാണ്; തദ്വാരാ, ഓരോ കാലഘട്ടത്തിലെ വേദഗ്രന്ഥത്തെയും.

الم ذَٰلِكَ الْكِتَابُ لَا رَيْبَ ۛ فِيهِ ۛ هُدًى لِلْمُتَّقِينَ

2:1–2 അലിഫ് ലാം മീം. അതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്.

സൂക്തം 2:1 ലെ അലിഫ് ലാം മീം എന്ന സംക്ഷേപ സംജ്ഞ വിവക്ഷിക്കുന്നത് അൽ ലൗഹുൽ മഹ്ഫൂളിനെയാണന്ന് മനസ്സിലാക്കാവുന്നതാണ്.

ഖുർആൻ അവതരണ പ്രക്രിയയെ വിശകലനം ചെയ്യുമ്പോൾ നമ്മുടെ ചില പരമ്പരാഗത വിശ്വാസങ്ങൾ തെറ്റാണെന്ന് കൂടി മനസ്സിലാകുന്നു. ജിബരീൽ ഒരു മലക്കാണെന്നാണ് നമ്മൾ പൊതുവെ വിശ്വസിച്ചിരിക്കുന്നത്. ഇത് ഖുർആനോട് യോജിക്കാത്ത ആശയമാണ്. അല്ലാഹു ജിബ്രീലിനെ പരിചയപ്പെടുത്തുന്നത് മലക്കായല്ല, റൂഹായാണ്. റൂഹ് മലക്കല്ലെന്ന് ഖുർആൻ വ്യക്തമാക്കിത്തരുന്നുമുണ്ട്. മുകളിൽ ഉദ്ധരിച്ചതായ 2:97, 16:102, 26:193–194 സൂക്തങ്ങൾ വെളിപ്പെടുത്തുന്നത് ജിബ്രീൽ റൂഹാണെന്നാണ്. റൂഹുൽ ഖുദ്സിയെന്നും, റൂഹുൽ അമീൻ എന്നുമാണ് ജിബ്രീലിനെ വിശേഷിപ്പിച്ചരിക്കുന്നത്. കൂടാതെ, വേറെ രണ്ട് ആയത്തുകളിൽ (ഖു. 2:98, 66:4) ജിബ്രീലിനെ പരാമർശിക്കുന്നത് മലക്ക് വിഭാഗത്തിൽ പെടുത്താതെയാണ്.

مَنْ كَانَ عَدُوًّا لِلَّهِ وَمَلَائِكَتِهِ وَرُسُلِهِ وَجِبْرِيلَ وَمِيكَالَ فَإِنَّ اللَّهَ عَدُوٌّ لِلْكَافِرِينَ

2:98 ആർക്കെങ്കിലും അല്ലാഹുവോടും അവന്റെ മലക്കുകളോടും അവന്റെ ദൂതൻമാരോടും ജിബ്രീലിനോടും മീകാഈലിനോടുമെല്ലാം ശത്രുതയാണെങ്കിൽ ആ നിഷേധികളുടെ ശത്രുതന്നെയാകുന്നു അല്ലാഹു.

إِنْ تَتُوبَا إِلَى اللَّهِ فَقَدْ صَغَتْ قُلُوبُكُمَا ۖ وَإِنْ تَظَاهَرَا عَلَيْهِ فَإِنَّ اللَّهَ هُوَ مَوْلَاهُ وَجِبْرِيلُ وَصَالِحُ الْمُؤْمِنِينَ ۖ وَالْمَلَائِكَةُ بَعْدَ ذَٰلِكَ ظَهِيرٌ

66:4 നിങ്ങൾ രണ്ടു പേരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നുവെങ്കിൽ (അങ്ങനെ ചെയ്യുക). കാരണം നിങ്ങളുടെ രണ്ടുപേരുടെയും മനസ്സുകൾ (തിൻമയിലേക്ക്) ചാഞ്ഞുപോയിരിക്കുന്നു. ഇനി നിങ്ങൾ ഇരുവരും അദ്ദേഹത്തിനെതിരിൽ (റസൂലിനെതിരിൽ) പരസ്പരം സഹകരിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹുവാകുന്നു അദ്ദേഹത്തിന്റെ യജമാനൻ. ജിബ്രീലും സദ്വൃത്തരായ സത്യവിശ്വാസികളും അതിനു പുറമെ മലക്കുകളും അദ്ദേഹത്തിന് സഹായികളായിരിക്കുന്നതാണ്.

ജിബ്രീൽ റൂഹാണെന്ന് പറയുമ്പോൾ അത് അർത്ഥമാക്കുന്നത് മനുഷ്യബയോസിസ്റ്റത്തിൽ സ്ഥാപിക്കാവുന്ന ഒരു പ്രോഗ്രാമാണെന്നാണ്. അതുപോലെ ഖുർആനും റൂഹാണ് (ഖു. 42:52). ഖുർആനും മനുഷ്യമെമ്മറിയിൽ സൂക്ഷിച്ച് വെക്കാവുന്ന ജൈവവിവരമാണ്.

وَكَذَٰلِكَ أَوْحَيْنَا إِلَيْكَ رُوحًا مِنْ أَمْرِنَا ۚ مَا كُنْتَ تَدْرِي مَا الْكِتَابُ وَلَا الْإِيمَانُ وَلَٰكِنْ جَعَلْنَاهُ نُورًا نَهْدِي بِهِ مَنْ نَشَاءُ مِنْ عِبَادِنَا ۚ وَإِنَّكَ لَتَهْدِي إِلَىٰ صِرَاطٍ مُسْتَقِيمٍ

42:52 അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ (റൂഹ്) സന്ദേശം (ഖുർആൻ) ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷെ, നാം അതിനെ (ഖുർആനെ) ഒരു

പ്രകാശമാക്കിയിരിക്കുന്നു. അത് (ഖുർആൻ) മുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്.

റൂഹിന്റെ വാഹകർ മലക്കുകളാണ്. വേദഗ്രന്ഥവും റൂഹാണ് (ഖു. 16:2). മനുഷ്യബയോസിസ്റ്റത്തിൽ സൂക്ഷിക്കാവുന്ന (store ചെയ്യാവുന്ന) ജൈവവിവരത്തെ പൊതുവെ റൂഹ് എന്ന് വിശേഷിപ്പിക്കാവുന്നതാണ്. അല്ലാഹുവിന്റെ കൽപനപ്രകാരം മലക്കുകളാണ് റൂഹുകളെ എത്തിക്കുന്നത്.

يُنَزِّلُ الْمَلَائِكَةَ بِالرُّوحِ مِنْ أَمْرِهِ عَلَىٰ مَنْ يَشَاءُ مِنْ عِبَادِهِ أَنْ أَنْذِرُوا أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاتَّقُونِ

16:2 തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരുടെ മേൽ തന്റെ കൽപനപ്രകാരം (സത്യസന്ദേശമാകുന്ന) ചൈതന്യവും (റൂഹും) കൊണ്ട് മലക്കുകളെ അവൻ ഇറക്കുന്നു. ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ നിങ്ങളെന്നെ സൂക്ഷിച്ച് കൊള്ളുവിൻ എന്ന് നിങ്ങൾ താക്കീത് നൽകുക (എന്നത്രെ ആ സന്ദേശം).

എല്ലവിധ ദൈവികകാര്യങ്ങളുടെയും നിർവഹണത്തിനായി ഓരോ വർഷവും റുഹുംകൊണ്ട് മലക്കുകൾ ഭൂമിയിൽ ഇറങ്ങുന്നത് റമളാനിലെ ഒരു രാത്രിയിലാണ്. ആ രാത്രിയാണ് അനുഗൃഹീത രാത്രിയായ നിർണയത്തിന്റെ രാത്രി അഥവാ ലൈലത്തിൽ ഖദ്ർ (മേൽ ഉദ്ധരിച്ചതായ 97:1–5 സൂക്തങ്ങൾ കാണുക). ആ രാത്രിയിലാണ് മുഹമ്മദ് നബിയുടെ കാലഘട്ടത്തിനായുള്ള വേദഗ്രന്ഥവും ജിബ്രീലെന്ന റൂഹുമായും മലക്കിറങ്ങുന്നതും നബി തിരുമേനിയുടെ ബയോസിസ്റ്റത്തിൽ അവയെ സ്ഥാപിക്കുന്നതും. വേദഗ്രന്ഥത്തെ സൂക്ഷിച്ച് വെച്ചത് (store ചെയ്തത്) പ്രവാചകന്റെ സദ്റിൽ (മെമറിയിൽ) ആയിരിക്കാം. ഇവയെല്ലാംതന്നെ നബി തിരുമേനിയുടെ മനസ്സറിയാതെയാണ് നടക്കുന്നത്. സാങ്കേതിക ഭാഷയിൽ പറയുകയാണെങ്കിൽ, വേദഗ്രന്ഥം ലൗഹുൽ മഹ്ഫൂളിൽനിന്ന് (അതായത്, Scripture Server ൽനിന്ന്) പ്രവാചകന്റെ സദ്റിലേക്ക് ഡൗൺലോഡ് ചെയ്യപ്പെടുകയാണ് ഈ പ്രക്രിയയിലൂടെ. അങ്ങനെ സദ്റിൽ സൂക്ഷിക്കപ്പെട്ട ഗ്രന്ഥത്തിലെ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സന്ദർഭോചിതമായി, അല്ലാഹു ഉദ്ദേശിക്കുന്ന വിധത്തിൽ അഥവാ ഭാഷ്യത്തിൽ, പ്രവാചകന്റെ ബയോസിസ്റ്റത്തിൽ സ്ഥാപിക്കപ്പെട്ട ജിബ്രീൽ എന്ന പ്രോഗ്രാം സന്ദേശങ്ങൾ പ്രവാചകന്റെ മനസ്സിലേക്ക് സംപ്രേഷണം ചെയ്യുന്നു (ചിത്രം 1). ആ സന്ദേശങ്ങളാണ് നബി തിരുമേനിക്ക് ലഭിക്കുന്ന ദിവ്യബോധനം അഥവാ വെളിപാട്. ആ ദൈവികവെളിപാടുകളുടെ സമ്പൂർണ്ണ സമാഹാരമാണ് ഖുർആൻ. ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് ലൗഹുൽ മഹ്ഫൂളിൽനിന്ന് പ്രവാചകന്റെ സദ്റിലേക്ക് ഡൗൺലോഡ് ചെയ്യപ്പെട്ട ഗ്രന്ഥത്തിന്റെ തനിപ്പകർപ്പല്ല ഖുർആൻ എന്നാണ്. മറിച്ച് അതിലെ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സന്ദർഭങ്ങൾക്കനുയോജ്യമാകുന്ന വിധത്തിൽ അല്ലാഹു ഉദ്ദേശിക്കുംവിധം രൂപപ്പെടുത്തി പ്രവാചകന്റെ മനസ്സിലേക്ക് ജിബ്രീൽ സംപ്രേഷണം ചെയ്ത വചനങ്ങളാണ് ഖുർആൻ. ഖുർആനിലെ ആയത്തുകളുടെ ശൈലിയും സ്വഭാവങ്ങളുമെല്ലാം സംശയലേശമന്യേ ഇതാണ് തെളിയിക്കുന്നത്. താഴെ ഉദ്ധരിച്ച ഖുർആൻ വചനങ്ങൾ കാണുക.

وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ ۙ قَالَ الَّذِينَ لَا يَرْجُونَ لِقَاءَنَا ائْتِ بِقُرْآنٍ غَيْرِ هَٰذَا أَوْ بَدِّلْهُ ۚ قُلْ مَا يَكُونُ لِي أَنْ أُبَدِّلَهُ مِنْ تِلْقَاءِ نَفْسِي ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰ إِلَيَّ ۖ إِنِّي أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ عَظِيمٍ

10:15 നമ്മുടെ സ്പഷ്ടമായ വചനങ്ങൾ (ഖുർആൻ) അവർക്ക് വായിച്ചു കേൾപിക്കപ്പെടുമ്പോൾ നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ പറയും: നീ ഇതെല്ലാത്ത ഖുർആൻ കൊണ്ടുവരികയോ, ഇതിൽ ഭേദഗതി വരുത്തുകയോ ചെയ്യുക. (നബിയേ,) പറയുക: എന്റെ സ്വന്തം വകയായി അത് ഭേദഗതി ചെയ്യുവാൻ എനിക്ക് പാടുള്ളതല്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ (ഖുർആനെ) പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. തീർച്ചയായും എന്റെ രക്ഷിതാവിനെ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ പേടിക്കുന്നു.

يَا أَيُّهَا النَّبِيُّ لِمَ تُحَرِّمُ مَا أَحَلَّ اللَّهُ لَكَ ۖ تَبْتَغِي مَرْضَاتَ أَزْوَاجِكَ ۚ وَاللَّهُ غَفُورٌ رَحِيمٌ

66:1 ഓ നബീ, നീയെന്തിനാണ് നിന്റെ ഭാര്യമാരുടെ പ്രീതിതേടിക്കൊണ്ട്, അല്ലാഹു അനുവദിച്ചു തന്നത് നിഷിദ്ധമാക്കുന്നത്? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.




ചിത്രം 1. ഖുർആൻ അവതരണ പ്രക്രിയയുടെ ശാസ്ത്രവീക്ഷണം

ഈ വചനങ്ങൾ ലൗഹുൽ മഹ്ഫൂളിലെ ഗ്രന്ഥത്തിലെ വചനങ്ങളുടെ പദാനുപദ ഭാഷ്യങ്ങളല്ലെന്ന് വ്യക്തമാണ്. മറിച്ച് ആ ഗ്രന്ഥത്തിലെ സന്ദേശങ്ങളനുസരിച്ച് പ്രവാചകൻ അഭിമുഖീകരിക്കുന്ന സാഹചര്യത്തിനും സന്ദർഭത്തിനുമൊത്ത് തയാറാക്കപ്പെട്ട ഭാഷ്യങ്ങളാണ്. ഖുർആനിലെ എല്ലാ വചനങ്ങളും ഈ വിധത്തിലുള്ളവയാണ്. ഖുർആൻ പഠിക്കുന്ന ഏതൊരാൾക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്ന വസ്തുതയാണിത്. ലൗഹുൽ മഹ്ഫൂളിലെ ഗ്രന്ഥവും ഖുർആനും സന്ദേശപരമായി ഒന്നാണെങ്കിലും അവതരണ ശൈലിയിൽ വ്യത്യാസമുള്ളവയാണ്. ഡൗൺലോഡ് ചെയ്യപ്പെട്ട ലൗഹുൽ മഹ്ഫൂളിലെ സന്ദേശങ്ങളെ സന്ദർഭത്തിനനുസൃതമായി അല്ലാഹു ഉദ്ദേശിക്കുന്ന വിധത്തിൽ തയാറാക്കി പ്രവാചകന്റെ മനസ്സിലേക്ക് സംപ്രേഷണം ചെയ്യുന്ന ദൗത്യമാണ് ജിബ്‌രീൽ നിർവഹിച്ചിരുന്നത്. ആ ദൗത്യനിർവഹണത്തിന് ആവശ്യമായ വിധത്തിലാണ് ജിബ്‌രീലെന്ന പ്രോഗ്രാമിനെ അഥവാ റൂഹിനെ അല്ലാഹു രൂപകൽപന ചെയ്തിട്ടുള്ളത്. 'റൂഹുൽ അമീൻ' അഥവാ 'വിശ്വസിക്കാവുന്ന പ്രോഗ്രാം' എന്ന് അല്ലാഹു അതിനെ വിശേഷിപ്പിച്ചതും അതുകൊണ്ടാണെന്ന് അനുമാനിക്കാം.

ജിബ്‌രീൽ പ്രവാചകന്റെ മനസ്സിലേക്ക് സംപ്രേഷണം ചെയ്യുന്ന വെളിപാടുകൾ സദ്റിൽ സൂക്ഷിക്കപ്പെടുന്നതിനാൽ അദ്ദേഹത്തിന് അവ മനഃപാഠമായത് പോലെയാണ് (ഖു. 87:6–7). ഇഷ്ടാനുസാരം എപ്പോൾ വേണമെങ്കിലും മനസ്സിലേക്ക് കൊണ്ടുവരാവുന്നതാണ് (അതായത് retrieve ചെയ്യാവുന്നതാണ്).

سَنُقْرِئُكَ فَلَا تَنسَىٰ إِلَّا مَا شَاءَ اللَّهُ ۚ إِنَّهُ يَعْلَمُ الْجَهْرَ وَمَا يَخْفَىٰ

87:6–7 നിനക്ക് നാം ഓതിത്തരാം. നീ മറന്നുപോകുകയില്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും അവൻ പരസ്യമായതും, രഹസ്യമായിരിക്കുന്നതും അറിയുന്നു.

ഇനി അല്ലാഹുവിന് ഏതെങ്കിലും വചനത്തിനുപകരം വേറൊന്ന് നൽകാനാണ് ഉദ്ദേശ്യമെങ്കിൽ ആദ്യ വചനത്തെ പ്രവാചകന്റെ സദ്റിൽനിന്ന് ജിബ്‌രീൽ നീക്കംചെയ്ത് (delete ചെയ്ത്) പകരം അല്ലാഹു ഉദ്ദേശിച്ച വചനത്തെ പ്രവാചകന്റെ മനസ്സിലേക്ക് സംപ്രേഷണം ചെയ്ത് സദ്റിൽ save ചെയ്യുന്നു. സദ്റിൽനിന്ന് delete ചെയ്ത വെളിപാട് പ്രവാചകന് പിന്നീട് മനസ്സിലേക്ക് കൊണ്ടുവരാൻ സാധ്യമല്ല. ആ വെളിപാട് നബി തിരുമേനി മറന്നതിന് തുല്യമാണ് (ഖു. 22:52, 2:106).

وَمَا أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ وَلَا نَبِيٍّ إِلَّا إِذَا تَمَنَّىٰ أَلْقَى الشَّيْطَانُ فِي أُمْنِيَّتِهِ فَيَنْسَخُ اللَّهُ مَا يُلْقِي الشَّيْطَانُ ثُمَّ يُحْكِمُ اللَّهُ آيَاتِهِ ۗ وَاللَّهُ عَلِيمٌ حَكِيمٌ

22:52 നിനക്ക് മുമ്പ് ഏതൊരു ദൂതനെയും പ്രവാചകനെയും നാം അയച്ചിട്ട്, അദ്ദേഹം ഓതികേൾപിക്കുന്ന സമയത്ത് ആ ഓതികേൾപിക്കുന്ന കാര്യത്തിൽ പിശാച് (തന്റെ ദുർബോധനം) ചെലുത്തിവിടാതിരുന്നിട്ടില്ല. എന്നാൽ പിശാച് ചെലുത്തിവിടുന്നത് അല്ലാഹു മായ്ച്ചുകളയുകയും, എന്നിട്ട് അല്ലാഹു തന്റെ വചനങ്ങളെ പ്രബലമാക്കുകയും ചെയ്യും. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

مَا نَنْسَخْ مِنْ آيَةٍ أَوْ نُنْسِهَا نَأْتِ بِخَيْرٍ مِنْهَا أَوْ مِثْلِهَا ۗ أَلَمْ تَعْلَمْ أَنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

2:106 വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞു കൂടേ; അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാണെന്ന്?

ഖുർആൻ അവതരണപ്രക്രിയയെ ഈ വിധത്തിൽ മനസ്സിലാക്കാനാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ വചനങ്ങളെയും ശാസ്ത്രീയമായി വിശദീകരിക്കാനാവുമെന്ന് മാത്രമല്ല, ഇത് സംബന്ധിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടിയും ലഭിക്കുന്നു. കൂടാതെ, ജിബരീൽ ഒരു മലക്കാണെന്ന പരമ്പരാഗത വിശ്വാസം തെറ്റാണെന്നും, ജിബ്‌രീൽ എന്ന റൂഹ് എന്താണെന്നും വേദഗ്രന്ഥ അവതരണ പ്രക്രിയയിൽ അതിന്റെ പങ്കെന്താണെന്നും ശാസ്ത്ര വിശദീകരണത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു.

മുഹമ്മദ് നബിയുടെ ജനത (അതായത്, മുഹമ്മദ് നബിയുടെ കാലം മുതൽ ലോകാവസാനംവരെ ജനിക്കുന്നവർ) പിന്തുടരേണ്ടത് ഖുർആനെയാണ്. ഖുർആനിലെ നിർദ്ദേശങ്ങളാണ് മുഹമ്മദ് നബിയുടെ ജനതക്കുള്ള ഇസ്‌ലാംമതം. അത് പിൻപറ്റി ജീവിക്കുന്നുണ്ടോയെന്നാണ് മുഹമ്മദ് നബിയുടെ ജനതയായ നമ്മെ അല്ലാഹു പരീക്ഷിക്കുന്നത്.